**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **06-12-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | ഇന്ത്യാന്നൂർ സെക്ഷൻ രൂപീകരിക്കാൻ 24.02.2016-ലെ ബോർഡ് ഉത്തരവ് പ്രകാരം തീരുമാനം ആയെങ്കിലും ബോർഡ് ഉത്തരവ് പ്രകാരം 6 വർഷത്തേയ്ക്ക് സൗജന്യ വാടക കെട്ടിടം ലഭ്യമല്ലാത്തതിനാൽ പുതിയ ഇന്ത്യനൂർ സെക്ഷൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച തീരുമാനം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; | (ബി) | മൊത്തം 6 വർഷത്തിൽ 3 വർഷത്തേക്കുള്ള വാടക ഒഴിവാക്കിനൽകാം എന്ന് കെട്ടിട ഉടമ സമ്മതിച്ചെങ്കിലും മുൻപ് വാഗ്ദാനം ചെയ്തപോലെ അടുത്ത 3 വർഷത്തേക്കുള്ള വാടക കെട്ടിട ഉടമയ്ക്ക് നൽകുന്നതിനെ കുറിച്ച് അനുകൂല തീരുമാനങ്ങൾ ഒന്നും തന്നെ ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനമായ കോട്ടക്കൽ മുൻസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| (സി) | ഓഫീസ് പ്രവർത്തിക്കുന്നതിനായി 3 വർഷത്തേക്ക് സൗജന്യമായി കെട്ടിടം ലഭിച്ചതിനാൽ ഇന്ത്യാന്നൂർ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മൊത്തം 6 വർഷത്തിൽ 3 വർഷത്തേക്കുള്ള വാടക ഒഴിവാക്കിനൽകാം എന്ന് കെട്ടിട ഉടമ സമ്മതിച്ചെങ്കിലും മുൻപ് വാഗ്ദാനം ചെയ്തപോലെ അടുത്ത 3 വർഷത്തേക്കുള്ള വാടക കെട്ടിട ഉടമയ്ക്ക് നൽകുന്നതിനെ കുറിച്ച് അനുകൂല തീരുമാനങ്ങൾ ഒന്നും തന്നെ ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനമായ കോട്ടക്കൽ മുൻസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ